2862
6/8/12

133

<u>29-05-2012 -ാം തീയതി ചേർന്ന പ്രസ് അക്രഡിറ്റേഷൻ കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ്</u>

29-05-12 ന് ബഹു.മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സംസ്ഥാന അക്രഡിറ്റേഷൻ കമ്മിറ്റിയിൽ പങ്കെടുത്തവരുടെ പേരു വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

യോഗം കൃത്യം 10 :10ന് ആരംഭിച്ചു.

ബഹു. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് മന്ത്രി കമ്മിറ്റിയംഗങ്ങൾക്ക് സ്വാഗതമാശംസിച്ചു. തുടർന്ന് കമ്മിറ്റിയുടെ സുഗമമായ നടത്തിപ്പിനുവേണ്ടി എല്ലാ അംഗങ്ങളുടെയും സഹകരണം അഭ്യർത്ഥിക്കുകയുണ്ടായി .

കമ്മിറ്റിയുടെ പരിഗണനയ്ക്ക് വന്ന അജണ്ട ഐറ്റങ്ങളിൽ താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

1. **പ്രസ് അക്രഡിറ്റേഷൻ, എഡിറ്റോറിയൽ അക്രഡിറ്റേഷൻ എന്നിവയ്ക്കായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിന്മേലുള്ള തീരുമാനം**

ഒരു വർഷത്തിലേറെ പഴക്കമുള്ള അപേക്ഷകൾ വരെയുള്ളതിനാൽ ഉദ്യോഗസ്ഥതലത്തിൽ സൂക്ഷ്മ പരിശോധന നടത്തി അക്രഡിറ്റേഷൻ അനുവദിക്കുന്നതിന് ശുപാർശ ചെയ്ത അപേക്ഷകൾ, സ്ഥലം മാറ്റം, സ്ഥാപന മാറ്റം, തുടങ്ങിയ വിഷയങ്ങൾ ഒരിക്കൽ കൂടി വിശദമായി പരിശോധിച്ച് ഉറപ്പുവരുത്തിയതിനുശേഷം അക്രഡിറ്റേഷൻ അനുവദിക്കാൻ തീരുമാനിച്ചു. എന്നാൽ ശുപാർശ ചെയ്തിട്ടില്ലാത്തവ സബ് കമ്മിറ്റിയുടെ പരിഗണനയ്ക്കു വിടാനും തീരുമാനിച്ചു. സബ് കമ്മിറ്റി തീരുമാനം അടുത്ത അക്രഡിറ്റേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കാനും തീരുമാനിച്ചു. ഡയറക്ടർ തസ്തികയ്ക്ക് ഡസ്ക് അക്രഡിറ്റേഷൻ നല്കുന്ന കാര്യം പരിശോധിക്കുവാൻ സബ് കമ്മിറ്റിയെ ചുമതലപ്പെടുത്തി.

2. **അക്രഡിറ്റേഷൻ സബ് കമ്മിറ്റി രൂപീകരണം**

സബ് കമ്മിറ്റി രൂപീകരണം സംബന്ധിച്ച് അക്രഡിറ്റേഷൻ കമ്മിറ്റി വിശദമായി ചർച്ച ചെയ്ത് താഴെ പറയുന്ന അംഗങ്ങൾ അടങ്ങിയ അക്രഡിറ്റേഷൻ സബ് കമ്മിറ്റി രൂപികരിക്കുവാൻ തീരുമാനിച്ചു..

1. ശ്രീ. കെ.സി.രാജഗോപാൽ പ്രസിഡന്റ്, കെ.യു.ഡബ്ല്യു.ജെ. - അംഗം
2. ശ്രീ. പി.വി.നാരായണൻ , ദേശാഭിമാനി - അംഗം
3. ശ്രീ.പി.എ.അബ്ദുൾഗഫൂർ മാധ്യമം - അംഗം
4. ശ്രീ. വി.ഉണ്ണികൃഷ്ണൻ, സീനിയർ ന്യൂസ് എഡിറ്റർ, ജയ്ഹിന്ദ് - അംഗം
5. ശ്രീ. സണ്ണികുട്ടി എബ്രഹാം. - അംഗം
6. ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് - കൺവീനർ

സബ് കമ്മിറ്റിയോഗം ജൂൺ 15 ന് കൂടുവാനും ജൂൺ 10 വരെ ലഭിക്കുന്ന അപേക്ഷകൾ മാത്രം പ്രസ്തുത കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനും തീരുമാനിച്ചു.

**3.&4. അക്രഡിറ്റേഷൻ അനുവദിക്കുന്നത് സംബന്ധിച്ച് നിലവിലുള്ള റൂൾസിൽ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച തീരുമാനം.**

അക്രഡിറ്റേഷൻ നിയമത്തിൽ ഭേദഗതി വരുത്തേണ്ടതുണ്ടെന്ന് യോഗം ഐകകണ്ഠേന അഭിപ്രായപ്പെട്ടു. ഇതിനായി വിശദമായ നിർദ്ദേശം കമ്മിറ്റിയുടെ മുമ്പാകെ സമർപ്പിക്കുവാൻ സബ് കമ്മിറ്റിയെ ചുമതലപ്പെടുത്തി. കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന മാധ്യമപ്രവർത്തകർക്ക് അക്രഡിറ്റേഷൻ നല്കുന്നത് പരിഗണിക്കുന്നത് സംബന്ധിച്ചും, കേരളത്തിന് പുറത്ത് മലയാളമാധ്യമങ്ങളിൽ പ്രവർത്തിക്കുന്ന പത്രപ്രവർത്തകർക്ക് കൂടി അക്രഡിറ്റേഷൻ നല്കുന്നത് സംബന്ധിച്ചും പരിശോധിച്ച് നിർദ്ദേശം സമർപ്പിക്കുവാൻ അക്രഡിറ്റേഷൻ സബ് കമ്മിറ്റിയെ ചുമതലപ്പെടുത്തി.

137



5. **അക്രഡിറ്റേഷൻ കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയ മായി അക്രഡിറ്റേഷൻ നൽകിയ നടപടിയുടെ സാധൂകരണം.**

അക്രഡിറ്റേഷൻ കമ്മിറ്റി നിലവിൽ വരുന്നതിന് മുമ്പ് താഴെ പറയുന്ന 7 മാധ്യമപ്രവർത്തകർക്ക് അക്രഡിറ്റേഷൻ അനുവദിച്ച നടപടി കമ്മിറ്റി സാധൂകരിക്കുകയും എന്നാൽ ഈ പ്രവണത ഒഴിവാക്കണമെന്ന് അഭിപ്രായപ്പെടുകയുമുണ്ടായി.

| Sl No | Name | Designation | Organisation/Media | District |
|---|---|---|---|---|
| 1. | Shri D Santhosh Kumar | Reporter | UNI | Trivandrum |
| 2. | Shri N Devan | News Editor | DoordarshanKendra | Trivandrum |
| 3. | Shri Kadavil K Rasheed | Reporter | Kalapremi | Trivandrum |
| 4. | Shri V K Mahesh | Cameraman | JaiHind TV | Ernakulam |
| 5. | Smt Aparna Namboodiri | Reporter | JaiHInd TV | Ernakulam |
| 6. | Shri V Ajayakumar | Reporter | JaiHind TV | Idukki |
| 7. | Shri Rony Jacob | Cameraman | JaiHind TV | Idukki |

അക്രഡിറ്റേഷൻ കമ്മിറ്റി 6 മാസത്തിലൊരിക്കൽ യോഗം ചേരുവാനും സബ് കമ്മിറ്റി 3 മാസത്തിലൊരിക്കൽ യോഗം ചേരുവാനും വേണ്ട നടപടി സ്വീകരി ക്കുവാൻ പി.ആർ.ഡി ഡയറക്ടറെ ചുമതലപ്പെടുത്തി.

6. **പ്രസ് പാസ് നൽകിയ വകയിൽ കെ.എസ്.ആർ.ടി.സിയ്ക്ക് തുക അനുവദിക്കുന്നത് സംബന്ധിച്ച തീരുമാനം.**

കെ.എസ്.ആർടി.സി.യ്ക്ക് പ്രസ് പാസ് നല്കിയവകയിൽ അനുവദിക്കാനുള്ള തുകയുടെ 50% ഉടൻ തന്നെ അനുവദിക്കുവാനും ബാക്കി തുക അനുവദിക്കുന്നതിന് കെ.എസ്.ആർ.ടി.സി സമർപ്പിച്ചിട്ടുള്ള ഇൻവോയ്സുകൾ സബ് കമ്മിറ്റിയുടെ പരിശോധനയ്ക്ക് സമർപ്പിക്കാനും തീരുമാനിച്ചു.

139



7. **WP(C).7364/07 filed by Thomas Joseph - അക്രഡിറ്റഡ് ജേർണലിസ്റ്റിന്റെ ഏജ് ലിമിറ്റ് 60 വയസ്സിൽ നിന്ന് കൂട്ടുന്നത് സംബന്ധിച്ച തീരുമാനം**

അക്രഡിറ്റഡ് ജേർണലിസ്റ്റിന്റെ പ്രായപരിധി 60 വയസ്സിൽ നിന്ന് കൂട്ടുന്നതിന് അക്രഡിറ്റേഷൻ റൂൾസിൽ ഭേദഗതി വരുത്തേണ്ടതുണ്ടെന്നും ആയതിനാൽ ഇക്കാര്യം സബ് കമ്മിറ്റി പരിശോധിച്ച് നിർദ്ദേശം സമർപ്പിക്കുവാൻ തീരുമാനിച്ചു.

8. പുതുതായി ലഭിച്ച അപേക്ഷകൾ

പുതുതായി ലഭിച്ച അപേക്ഷകളും ജൂൺ മാസം 10- ാം തീയതി വരെ ലഭിക്കുന്ന അപേക്ഷകളും സബ് കമ്മിറ്റിയിൽ വച്ച് തീരുമാനമെടുക്കാനും സാധൂകരണത്തിന് പ്രധാന കമ്മിറ്റിയിൽ സമർപ്പിക്കുവാനും തീരുമാനിച്ചു. ടൈംസ് ഓഫ് ഇൻഡ്യയിലെ മാധ്യമപ്രവർത്തകർക്ക് പ്രസ് ഫെസിലിറ്റി കാർഡ് 1 വർഷ കാലാവധി നല്കി അനുവദിക്കുന്നത് സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുവാനും സബ് കമ്മിറ്റിയെ ചുമതലപ്പെടുത്തി.

യോഗം 11.20 ന് അവസാനിച്ചു.

പങ്കെടുത്തവർ :

1. ശ്രീ.റ്റി.ജെ.മാത്യു, സെക്രട്ടറി, ഐ&പി.ആർ.ഡി
2. ശ്രീ.പി.റ്റി.ചാക്കോ, പ്രസ് സെക്രട്ടറി,
3. ശ്രീ.എ.ഫിറോസ്, ഡയറക്ടർ, ഐ&പി.ആർഡി
4. ശ്രീ.വി.ആർ.അജിത് കുമാർ, ഡെപ്യൂട്ടി ഡയറക്ടർ, ഐ&പി.ആർഡി
5. ശ്രീ.ബി.ഹരീന്ദ്രൻ നായർ, അക്കൗണ്ട്സ് ഓഫീസർ, ഐ&പി. ആർഡി
6. ശ്രീ.പി.വി.നാരായണൻ, ചീഫ് സബ് എഡിറ്റർ, ദേശാഭിമാനി, കണ്ണൂർ.
7. ശ്രീ.പി.എ.അബ്ദുൾഗഫൂർ, ന്യൂസ് എഡിറ്റർ, മാധ്യമം, തൃശൂർ
8. ശ്രീ.ഉണ്ണികൃഷ്ണൻ, സീനിയർ സബ് എഡിറ്റർ, ജയ്ഹിന്ദ്ടി.വി
9. ശ്രീ.കലാപ്രേമി ബഷീർബാബു, റിപ്പോർട്ടർ, കലാപ്രേമി
10. ശ്രീ.കെ.ജനാർദ്ദനൻ നായർ, വേണാട് പത്രിക, ശാസ്തമംഗലം, തിരുവനന്തപുരം
11. ശ്രീ.സണ്ണിക്കുട്ടി എബ്രഹാം,
12. ശ്രീ.മുഹമ്മദ് നസീർ, ദ് ഹിന്ദു,
13. ശ്രീ.ഷാലു മാത്യു, സീനിയർ റിപ്പോർട്ടർ, മംഗളം
14. ശ്രീ.സി.എൽ.തോമസ്, എക്സിക്യൂട്ടീവ് എഡിറ്റർ, എഷ്യാനെറ്റ് ന്യൂസ്
15. ശ്രീ.പി.പി.ജയിംസ്, ഡെപ്യൂട്ടി എഡിറ്റർ, കേരള കൗമുദി
16. ശ്രീ.പ്രദീപ് പിള്ള, സ്പെഷ്യൽ കറസ്പോണ്ടന്റ്, ടൈംസ് നൗ, തിരുവനന്തപുരം
17. ശ്രീ.ആർ.ജയപ്രസാദ്, സീനിയർ സബ് എഡിറ്റർ, മാതൃഭൂമി
18. ശ്രീ.കെ.സി.രാജഗോപാൽ, പ്രസിഡന്റ്, കേരള പത്ര പ്രവർത്തക യൂണിയൻ
19. ശ്രീ.പി.പി.സണ്ണി, മാനേജിംഗ് ഡയറക്ടർ, രാഷ്ട്ര ദീപിക, ലിമിറ്റഡ്
20. ശ്രീ.നവാസ് പുന്നൂർ, എഡിറ്റർ, ചന്ദ്രിക, കോഴിക്കോട്
21. ശ്രീ.മുഹമ്മദ് അലി, പ്രസിഡന്റ് എഡിറ്റർ, വീക്ഷണം, കോഴിക്കോട്
22. ശ്ര..ബിനോയ് വിശ്വം, എഡിറ്റർ, ജനയുഗം.